**ചീഫ് എഞ്ചിനീയറുടെ കാര്യാലയം**
**തദ്ദേശസ്വയംഭരണ വകുപ്പ്,**
**(ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് &**
**എഞ്ചിനീയറിംഗ് വിംഗ്), അഞ്ചാം നില,**
സ്വരാജ്ഭവൻ, നന്തൻകോട്, കവടിയാർ. പി. ഒ
തിരുവനന്തപുരം - **695003**

Phone: 0471 – 2324030
Email: ceisgd@gmail.com
Website: www. celsgd.kerala.gov.in

നം. ഡിബി3-5525/20/സിഇ/തസ്വഭവ (Part B) — **തീയതി:** 20.10.2022

# സർക്കുലർ

വിഷയം : തസ്വഭവ (എൽ.ഐ.ഡി & ഇ.ഡബ്ല്യൂ) - റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് നടപ്പിലാക്കുന്നത് - സംബന്ധിച്ച്

സൂചന : ജി.ഒ (ആർ.റ്റി) നം. 2294/2022/തസ്വഭവ, തീയതി. 20.09.2022

വാർഷിക ബഡ്ജറ്റ് ഫണ്ട് വിനിയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ ഉൾപ്പെടുന്ന ആസ്തികളായ റോഡ്, പാലങ്ങൾ, കെട്ടിടങ്ങൾ, പാർശ്വഭിത്തി എന്നിവയുടെ ജിയോ ടാഗിംഗും, മറ്റ് വിവരങ്ങളും ശേഖരിച്ച് ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി നടന്നുവരുന്ന റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് **മലപ്പുറം, കോഴിക്കോട്, വയനാട്, കാസറഗോഡ്** എന്നീ ജില്ലകളിൽ ആരംഭിക്കുന്നതിനായി സൂചന പ്രകാരം 36.00 ലക്ഷം രൂപയുടെ (9.00 Lakhs / for each district) ഭരണാനുമതി ലഭ്യമായിട്ടുണ്ട്. KSREC - യുമായി കരാറിലേർപ്പെട്ടുകൊണ്ട് ടി പ്രവൃത്തി അടിയന്തിരമായി ആരംഭിക്കുന്നതിനും, ആയത് 2022 നവംബർ 30 - ന് പൂർത്തീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗിൽ തീരുമാനമായതുമാകുന്നു. ആയതിനാൽ തുടർനടപടികൾ ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൈക്കൊള്ളേണ്ടതാണ്.

**ചീഫ് എഞ്ചിനീയർ**